ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. I/297345/2025 തീയതി: 03-05-2025

**പരിപത്രം**

വിഷയം:- സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് -എസ്റ്റാബ്ലിഷ്മെൻറ് ഗ്രഡേഷൻ- ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനം - സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്

സൂചന :- 1.ജി ഒ (പി) നം.366/2010/ഉവിവ തീയതി 08.11.2010
2.08.04.2025 തീയതിയിലെ DTETVM/3213/2025-EC2(EC) എന്ന നമ്പർ പ്രകാരമുള്ള അനൌദ്യോഗിക കുറിപ്പ്

ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിലേക്ക് ഡവലപ്പ്മെൻറ് ഓഫീസർ, ഇൻസ്ട്രക്ടർ ഇൻ ടെയിലറിങ്, ഇൻസ്ട്രക്ടർ ഇൻ ഇഞ്ചിനീയറിങ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I/ വർക്ക് ഷോപ്പ് ഫോർമാൻ/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികയിൽ ജോലിചെയ്യുന്ന താഴെ പറയുന്ന യോഗ്യത നേടിയിട്ടുള്ളവർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രോഫോർമ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ താഴെ പറയുന്ന രേഖകൾ സഹിതം ഈ സർക്കുലർ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 20 ദിവസത്തിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരാൻ താൽപര്യപ്പെടുന്നു.

യോഗ്യത

(1) എസ്.എസ്.എൽ. സി

(2) ടെയിലറിങ് അല്ലെങ്കിൽ ടെക്സ്റ്റൈൽ ടെക്നോളജിയിൽ 4 വർഷത്തെ അധ്യാപന പരിചയം.

അല്ലെങ്കിൽ

എഞ്ചിനീയറിങ്/ ടെക്നോളജിയിലുള്ള ഡിപ്ലോമയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ് / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I/ വർക്ക് ഷോപ്പ് ഫോർമാൻ/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ 5 വർഷത്തെ പ്രവൃത്തി പരിചയവും.

അയച്ചു തരേണ്ട രേഖകൾ

1.വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. മേൽ പറഞ്ഞ തസ്തികയിൽ നിയമനം ലഭിച്ചതുമായി ബന്ധപ്പെട്ട അഡ്വൈസ് ഓർഡർ/ഉദ്യോഗകയറ്റം ലഭിച്ച ഉത്തരവിൻറെ പകർപ്പ്.

3.ടി തസ്തികയിൽ നിരീക്ഷണകാലം (പ്രൊബേഷൻ) പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഉത്തരവിൻറെ പകർപ്പ്.

4.അധ്യാപന പരിചയം സംബന്ധിച്ച സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം.

സ്ഥാപന മേധാവികൾ മേൽ പറയുന്ന രേഖകളും/ പ്രൊഫോർമയും ജീവനക്കാരൻറെ സേവനപുസ്തകവുമായി ഒത്തുനോക്കി ബോധ്യപ്പെട്ടതിനു ശേഷം അയച്ചുതരേണ്ടതാണ്.

സ്ഥാപന മേധാവികൾ അവരുടെ നിയന്ത്രണത്തിലുള്ള ജിഐഎഫ്ഡി സെൻററുകളിലെ ഇൻസ്ട്രക്ടർ ഇൻ ടെയിലറിങ് കാറ്റഗറിയിൽപ്പെടുന്ന ജീവനക്കാർക്ക് സർക്കുലറിൻറെ പകർപ്പ് നൽകി രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത നിയമനം നേടാൻ യോഗ്യരായ ജീവനക്കാർ യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതും സ്ഥാപന മേധാവികൾ അവ പരിശോധിച്ചു നിശ്ചിത തീയതിക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. മേൽ തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പിന്നീട് പരിഗണിക്കുന്നതല്ല. മേൽ പറയുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചതായി പ്രഖ്യാപിക്കാത്തവരെ അന്തിമ സീനിയോറിറ്റി പട്ടികയിൽ പരിഗണിക്കുന്നതല്ല.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 03-05-2025 09:51:18

## ***PROFORMA***

1) Name:-

2) PEN:-

3) Date of Birth:-

4) Designation:-

5) Date of Entry in the present post:-

6) Mobile No:-

7) Qualifications:-

(Attach copies of Certificates & Mark lists)

8) Whether direct recruitment/promotion/Appointment by transfer etc:

(Attach copies of Advise/ Promotion order)

9) Date of advice/appointment order in the present post:
(Attach copies of Advise/Appointment order)

10) Date of declaration of probation in the present post:
(Attach copy of order)

11) Details of LWA(if any)during the period of probation:
(Attach copy of order)

12) Details regarding department level disciplinary action,
vigilance enquiry, deputation etc if any :

Place:
Date:

Name and Signature of the employee

## CERTIFICATE

Certified that the details furnished above are verified with reference to the Service Book/Documents concerned and found correct.

Signature with Seal of the Head of the Institution